ഉത്തരം

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന കൊമേരി ആടു വളർത്തൽ കേന്ദ്രത്തിൽ 350 ആടുകളെ വളർത്തി സംരക്ഷിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഉണ്ടെങ്കിലും ഇപ്പോൾ ഈ കേന്ദ്രത്തിൽ മാതൃപിതൃ ശേഖരത്തിൽപ്പെട്ട 136 ആടുകളും 10 മുട്ടനാടുകളും 6 മാസത്തിനു താഴെ പ്രായമുള്ള 73 ആട്ടിൻകുട്ടികളും നിലവിലുണ്ട്. ഇവയെ സംരക്ഷിക്കുന്നതിന് നാല് സ്ഥിരം തൊഴിലാളികൾ ഇപ്പോൾ ഈ ഫാമിൽ ജോലി ചെയ്യുന്നുണ്ട്. ഷെഡുകളുടെ അറ്റകുറ്റപണികളും ഒരു പുതിയ ഷെഡിന്റെ നിർമ്മാണവും നടന്നുവരുന്നു. നിർമ്മാണം പൂർത്തിയായാലുടൻ കൂടുതൽ ആടുകളെ വാങ്ങി വളർത്തുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ തൃപ്തികരമായ മേൽനോട്ടവും പിന്തുണയും ഈ ഫാമിന്റെ വളർച്ചയ്ക്കായി ലഭിക്കുന്നുണ്ട്. കൂടാതെ മലബാറി ആടിന്റെ വംശസംരക്ഷണ കേന്ദ്രമായും കോമേരി ഫാമും പരിസര പ്രദേശങ്ങളും മാറ്റിയെടുക്കുന്നതിനായി ഒരു പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടി ആടുവളർത്തൽ കേന്ദ്രം പാലക്കാട് പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരുന്നത് ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി ഫാമിന് ചുറ്റുമതിൽ കെട്ടുകയും 5 ഹെക്ടർ സ്ഥലത്ത് ഇറിഗേഷൻ നടത്തി പുൽകൃഷി നടത്തുകയും ചെയ്തിട്ടുണ്ട്. ഈ ഫാമിൽ ഇപ്പോൾ 127 ചെമ്മരിയാടുകളും (കുട്ടികൾ സഹിതം) 53 മുട്ടനാടുകളും ഉണ്ട്. കൂടാതെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അട്ടപ്പാടി ബ്ലാക്ക് ആടുകളെ സംരക്ഷിക്കുന്നതിനും വംശം വർദ്ധിപ്പിക്കുന്നതിനും വേണ്ട ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ ഫാമിന്റെ പ്രവർത്തനങ്ങളിലും ജില്ലാ പഞ്ചായത്തിന്റെ നല്ല രീതിയിലുള്ള സഹകരണം ലഭ്യമാക്കുന്നുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ

103 (2552) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതിയും ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ ലിസ്റ്റിൽ നിന്നും ഇതേവരെ എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ഇ) നിലവിലുള്ള ഒഴിവുകൾ നികത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18 ഒഴിവുകൾ ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കയർ വ്യവസായത്തിന്റെ വികസനത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ

104 (2553) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. പി. ഗംഗാധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായ രംഗത്ത് എത്ര തൊഴിലാളികൾ പണിയെടുത്തു ;

(ബി) ഇവയിൽ സഹകരണ മേഖലയിൽ എത്ര തൊഴിലാളികളുണ്ട് ;

(സി) ആധുനികവത്കരണത്തിന്റെയും ഗ്ലോബലൈസേഷന്റെയും വെളിച്ചത്തിൽ ഈ വ്യവസായത്തിന്റെ പുരോഗതി എപ്രകാരം കൈവരുത്താം എന്നതിനെപ്പറ്റി വ്യവസായ മാനേജ്മെന്റ് വിദഗ്ദ്ധരെക്കൊണ്ട് പഠനം നടത്തിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാലു ലക്ഷത്തോളം തൊഴിലാളികൾ പണിക്കെടുത്തു.

(ബി) ഏകദേശം രണ്ടേമുക്കാൽ ലക്ഷം.

(സി) കയർ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് പരിഹാരമാർഗം നിർദ്ദേശിക്കുന്നതിന് ഹൈദ്രാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉല്പന്നങ്ങൾ വൈവിധ്യവത്കരിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly